# ആത്മശോധകർക്കു

# ഒരു അടിക്കുറിപ്പ്

(പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു, *D.Sc.., Ph.D.*)

ലുപ്തവസ്ത്രധാരിത്തരുണി
പാദത്തിലേറി, കണങ്കാൽ
ഊന്നുവടിയിൽ, ചാരിയ
മുഴങ്കാൽ ഏണിപ്പടിയിൽ,
പുല്ലൂരിമുട്ടിൽ വിശ്രമിച്ച്
മടിയിൽ കുടിയിരിക്കാൻ
മൂടിൻ മൂടുപടം താഴ്ത്തവേ
പുതുവിശ്വാമിത്രനു പൂർവ്വജന്മ
ത്രിലോക ജ്ഞാനോദയം:

കാഷായക്കുടുക്കഴിക്കാതെ
പെണ്ണാളെ താഴെയിറക്കാൻ
തോളിലൂടരക്കെട്ടുറപ്പിക്കാൻ
ബലിഷ്ഠകരങ്ങൾ നിറമാറിൽ
തൊട്ടതും, ദൃശ്യസ്മൃതി
വിറ്റു കാശാക്കോർ
നൈമിഷ കേമറക്കണ്ണിൽ
ബ്ലു-റേക്കു വിഷയപാന
ചലച്ചിത്രമാക്കിയതും
തുറുങ്കിലെ കറുകറുത്തഴിയിൽ
തഴമ്പിൻ കൈത്തടം തഴകവേ
വിശ്വമിത്ര പ്രകൃതിയില്ലാതെ
നവമുനി ഡയറിക്കുറിപ്പിൽ
രേഖാചിത്ര ചിത്തരേഖയാക്കി!
************************************************